# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5166 26.03.2018 ൽ മറുപടിക്ക്

**ദേശീയ പാതകൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരം**

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ

മറുപടി

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ ദേശീയ പാതകൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ 2013-ൽ കേന്ദ്രത്തിൽ നിലവിൽ വന്ന എൽ.എ ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകുവാനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) RFCTLARR Act 2013 പ്രകാരമാണ് ദേശീയപാതകൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ ഒന്നാം ഷെഡ്യൂൾ നഷ്ടപരിഹാര നിർണ്ണയത്തിനും രണ്ടാം ഷെഡ്യൂൾ പുനരധിവാസ പുനസ്ഥാപന (Rehabilitation and Settlement ) പ്രവൃത്തികൾക്കും മൂന്നാം ഷെഡ്യൂൾ അടിസ്ഥാന സൗകര്യവികസനങ്ങൾക്കും ബാധകമാണ്. ദേശീയപാതാ വികസനത്തിനായി (NH Act 1956) ഭൂമി ഏറ്റെടുക്കലിന് RFCTLARR Act 2013 ബാധകമാണ്. LARR Act 2013 പ്രകാരം ഔദ്യോഗിക കമ്പോളവിലയെ അർബൻ മേഖലയിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 2 വരെയുള്ള സംഖ്യ കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക കണ്ടെത്തി, അത്രയും തുക കൂടി സാന്ത്വന പരിഹാരമെന്ന രീതിയിൽ കൂട്ടിച്ചേർക്കുന്നതാണ് നഷ്ടപരിഹാരത്തുക. ഇതിന്റെ കൂടെ കെട്ടിടങ്ങളോ മറ്റു നിർമ്മിതികളോ ഉണ്ടെങ്കിൽ അവ നിലവിൽ നിർമ്മിക്കാനാവശ്യമായ തുകയും കണക്കാക്കി നൽകുന്നതാണ്. 3A വിജ്ഞാപനം ഇറങ്ങിയ തീയതി മുതൽ ഭൂമിയുടെ അവകാശം കൈമാറിക്കിട്ടുന്നതു വരേയോ, അല്ലെങ്കിൽ അവാർഡ് തുക നൽകുന്നതുവരേയോ (ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ) 12 ശതമാനം അധികതുകയും നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ദേശീയ പാതക്കായി ഏറ്റെടുത്ത സ്ഥലങ്ങളുടെ അൻപത് മീറ്റർ പരിധിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുകയില്ല എന്ന രീതിയിൽ വ്യാപകമായി നടക്കുന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം നൽകുമോ; | (ബി) | ദേശീയപാതയിൽ നിന്നും എത്ര മീറ്റർ അകലം പാലിക്കണമെന്ന് നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തെ ജന സാന്ദ്രതയും, വാഹന സാന്ദ്രതയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദേശീയപാതയുടെ വികസനവും കൂടി കണക്കിലെടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാറുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള ബിൽഡിംഗ് റൂളുകളനുസരിച്ച് അനുവാദം നൽകേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. |
| (സി) | ദേശീയപാതകൾക്കിരുവശവും വർഷങ്ങളായി കെട്ടിടം വാടകക്കെടുത്ത് വ്യാപാരം നടത്തുന്നവരെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഒഴിപ്പിക്കുമ്പോൾ അവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭിക്കുക എന്നതിന്റെ വിശദീകരണം നൽകുമോ? | (സി) | RFCTLARR Act 2013 ന്റെ രണ്ടാം ഷെഡ്യൂളിലെ പുനരധിവാസ പുനസ്ഥാപന (Rehabilitation and Resettlement) പാക്കേജ് പ്രകാരമാണ് ദേശീയപാതകൾക്കിരുവശവും വർഷങ്ങളായി കെട്ടിടം വാടകക്കെടുത്ത് വ്യാപാരം നടത്തുന്നവരെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഒഴിപ്പിക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**